Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ 04.07..2015

# സർക്കുലർ

വിഷയം:- കുടുംബശ്രീ – ദേശീയ ഉപജീവന മിഷൻ–നൂതനാശയ, സവിശേഷ പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും – സംബന്ധിച്ച്.

നഗര ദരിദ്രരുടെ ഉപജീവനം പരിപോഷിപ്പിക്കുന്നതിനും ദാരിദ്ര്യ ലഘൂകരണത്തിനും പുത്തൻ സമീപനങ്ങളും ഇടപെടൽ തന്ത്രങ്ങളും, രീതിശാസ്ത്രങ്ങളും രൂപപ്പെടുത്തുന്നതിനായി ദേശീയ നഗര ഉപജീവന മിഷനു കീഴിൽ നൂതനാശയ സവിശേഷ പദ്ധതികൾ എന്ന ഒരു ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഘടകത്തിനു കീഴിൽ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുന്നതും നഗര ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് പുതിയ പാഠങ്ങൾ നൽകുന്നതും സുസ്ഥിരമായി നിലനിൽക്കുന്നതുമായ ഏതു പരിപാടിയും ഏറ്റെടുക്കാവുന്നതാണ്. ഈ പദ്ധതികൾ നഗരസഭക്ക് സ്വന്തമായോ, സന്നദ്ധ സംഘടകൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സ്വകാര്യ മേഖലയിലെ ഏജൻസികൾ എന്നിവരുടെ സാങ്കേതിക സഹായത്തോടെയോ ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്. ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കേണ്ടത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ജീവനോപാധി വികസനത്തിനുമുള്ള പുത്തൻ തന്ത്രങ്ങളും മുമ്പ് ഇത്തരം പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടില്ലാത്ത പരിപാടികളും ആയിരിക്കേണ്ടതാണ്.

2. ദേശീയ നഗര ഉപജീവന മിഷന്റെ നിലവിലുള്ള പദ്ധതി ഘടകങ്ങൾക്കു കീഴിൽ സാധാരണ ഗതിയിൽ നടപ്പിലാക്കാൻ കഴിയുന്ന പരിപാടികളാവരുത്.

3. ഏറ്റവും ദുർബല വിഭാഗങ്ങളായ ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർ, ശുചീകരണ തൊഴിലാളികൾ, വീട്ടുജോലിക്കാർ തുടങ്ങിയവരെ കൂടി പരിഗണിക്കാൻ കഴിയുന്ന പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്.

4. പദ്ധതികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ നിർവ്വഹണം നടത്തി ഫലപ്രാപ്തി കൃത്യമായി അവലോകനം ചെയ്യുവാൻ കഴിയുന്നതാകേണ്ടതാണ്.

5. നിർവ്വഹണ കാലഘട്ടത്തിനു ശേഷമുള്ള തുടർനടത്തിപ്പിനുള്ള സംവിധാനങ്ങളും സുസ്ഥിരമായ നിലനിൽപ്പിനുള്ള സാധ്യതകളും കൃത്യമായി പ്രതിപാദിക്കാൻ കഴിയണം.

നൂതനാശയ സവിശേഷ പദ്ധതികൾക്കുള്ള മുഴുവൻ ചെലവും ദേശീയ നഗര ഉപജീവന മിഷനു കീഴിൽ കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. സംസ്ഥാന

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

മിഷൻ മാനേജ്മെന്റ് യൂണിറ്റ് ശുപാർശ ചെയ്യുന്ന പദ്ധതി നിർദ്ദേശങ്ങൾ അവലോകനം ചെയ്ത് അംഗീകാരം നൽകുന്നത് കേന്ദ്രതലത്തിലാണ്. വിശദമായ പദ്ധതി രേഖ സമർപ്പിക്കുന്നതിനുള്ള മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

നൂതനാശയ സവിശേഷ പദ്ധതികൾ നടപ്പിലാക്കാനാഗ്രഹിക്കുന്ന നഗരസഭകൾ പദ്ധതി നിർദ്ദേശത്തിന്റെ സംക്ഷിപ്ത രൂപം സംസ്ഥാനമിഷൻ മാനേജ്മെന്റ് യൂണിറ്റിൽ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന നഗരസഭകൾക്ക്/സ്ഥാപനങ്ങൾക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പിന്തുണ സംസ്ഥാനമിഷൻ മാനേജ്മെന്റ് യൂണിറ്റ് നൽകുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ മേയർമാർക്കും/നഗരസഭാ ചെയർപേഴ്സൺമാർക്കും
2. എല്ലാ കേർപ്പറേഷൻ സെക്രട്ടറിമാർക്കും/മുൻസിപ്പൽ സെക്രട്ടറിമാർക്കും
3. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

**പകർപ്പ്**

1. എല്ലാ ജില്ലാമിഷൻകോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിറ്റിമിഷൻ മാനേജർമാർക്കും (ജില്ലാ മിഷൻ മുഖേന)

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**